കീ വില്ലേജ് സെൻറർ

* 720. [2] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ബ്ലോക്കിലും എത്ര കീ വില്ലേജ് സെൻറർ വീതം വേണമെന്ന ഗവണ്മെൻറിനു വല്ല നിർദ്ദേശവുമുണ്ടോ ;

(ബി) കുന്നത്തൂർ താലൂക്കിൽപ്പെട്ട ശാസ്താംകോട്ട, പറക്കോട് എന്നീ ബ്ലോക്കുകളിൽ ഇന്ന് എത്ര കീ വില്ലേജ് സെൻറുകൾ അനുവദിച്ചിട്ടുണ്ട് ;

(സി) അവയ്ക്ക് ഓരോന്നിനും പ്രത്യേകം കെട്ടിടം ഉണ്ടോ ;

(ഡി) ശാസ്താംകോട്ട ബ്ലോക്കിൽ പടിഞ്ഞാറെ കല്ലട ഒരു കീ വില്ലേജ് സെൻറർ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇപ്പോൾ ആ നടപടി ഏതു നിലയിൽ ഇരിക്കുന്നു ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) ബ്ലോക്കാടിസ്ഥാനത്തിൽ കീ വില്ലേജ് സെൻറുകൾ തുടങ്ങുന്നതിനു നിർദ്ദേശം ഇല്ല. മൃഗസംരക്ഷണവകുപ്പിൻറെ കീഴിൽ പ്രവർത്തിക്കുന്ന സെൻറുകൾ ബ്ലോക്കുകളിൽ ഉണ്ട്.

(ബി) ശാസ്താംകോട്ട ബ്ലോക്കിൽ ഒരു കീ വില്ലേജ് സെൻറും ആറ് ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. പറക്കോട് ബ്ലോക്കിൽ കീ വില്ലേജ് സെൻറുകൾ അനുവദിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) ശാസ്താംകോട്ട കീ വില്ലേജ് സെൻറിൻറെ ഒരു ഉപകേന്ദ്രം പടിഞ്ഞാറെക്കല്ലടയിൽ 1958 മുതൽ പ്രവർത്തിച്ചുവരുന്നു.

## WRITTEN ANSWERS

ഭൂപരിഷ്കരണനിയമം

* 721. [26] ശ്രീ. പി. എസ്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഭൂപരിഷ്കരണനിയമം നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്നുമുതൽ നടപ്പിൽവരുത്താനുദ്ദേശിക്കുന്നു ;

(സി) ഈ നിയമത്തിനുള്ള ചട്ടങ്ങൾ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ടോ ?

നിയമവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ) :

(എ, ബി) കേരള ഭൂപരിഷ്കരണനിയമം 14-1-64-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ നിയമത്തിലെ വകുപ്പുകൾ അടുത്തുതന്നെ നടപ്പിൽവരുത്തുന്നതാണ്.

(സി) ചട്ടങ്ങൾക്ക് അവസാനരൂപം നൽകിക്കൊണ്ടിരിക്കുകയാണ്. ഇവയും അടുത്തുതന്നെ പ്രസിദ്ധീകരിക്കുന്നതാണ്.

*Employees removed from the service of the Khadi Board*

* 722. [28] **Shri K. Balakrihna Menon**: Will the Minister for Industries be pleased to state :

(a) what is the number of employees removed from the service of the Khadi Board ;

(b) whether any amounts due to them have been disbursed to them ; if not why ;



LIBRARY ARCHIVES Kerala Legislative Assembly

(c) when was Shri. K. M. Mohamed, Additional Packer, Khadi Godown, Shoranur removed ; and

(d) has he been paid his security and other amounts due; if not why ?

*Minister for Industries* (**Shri K. A. Damodara Menon**) :

(a) Five.

(b) These persons were holding security posts and th amounts due to them can be paid only after their liabilities are settled

(c) With effect from 8-3-1963.

(d) The amounts due to him will be paid as soon as his liabilitie are settled.

## വെൽഫെയർ സ്റ്റുളകം പരിശോധിക്കുന്നതിനുള്ള പ്രത്യേക നിർദ്ദേശം

* 723. [31] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ താലൂക്കു് വെൽഫെയർ ഇൻസ്പെക്ടർമാരും അവരുടെ അധികാരാതിർത്തിയിലുള്ള വെൽഫെയർ സ്റ്റുളകം പരിശോധിക്കുന്നതിനു് പ്രത്യേക നിർദ്ദേശം ഉണ്ടോ ;

(ബി) അങ്ങനെ നിർദ്ദേശമുണ്ടെങ്കിൽ അങ്ങനെ പോയി പരിശോധിക്കുന്നുവോ എന്നു് ഡി. ഡബ്ലിയു. ഓ. അന്വേഷിക്കുന്നുണ്ടോ ;

(സി) ഡി. ഡബ്ലിയു. ഓ. മാർ പരിശോധിക്കാത്ത എത്ര സ്റ്റുളകം ഓരോ ഡിസ്ട്രിക്ടിലുമുണ്ടു് ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) ഒന്നുമില്ല.

## ധാതു ഖനന പരീക്ഷണം

* 724. [32] ശ്രീ. കെ. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ധാതുഖനനപരീക്ഷണം നടത്തിയിട്ടുണ്ടോ ;

(ബി) എവിടെയെല്ലാം ധാതുദ്രവ്യങ്ങൾ ഉള്ളതായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദര മേനോൻ) :

(എ) ഉണ്ടു്.

(ബി) വിവരങ്ങളടങ്ങിയ ലിസ്റ്റു് * മേശപ്പുറത്തു് വച്ചിട്ടുണ്ടു്.

## ഗാന്ധിഗ്രാമിൽ പഠിക്കുന്ന മലയാളികുട്ടികൾ.

* 725. [33] ശ്രീ. കെ. ഹസ്സൻഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മധുരയ്ക്കടുത്തുള്ള ഗാന്ധിഗ്രാമിൽ എത്ര മലയാളി കുട്ടികൾ വിവിധ ഡിപ്പാർട്ടുമെന്റുകളിലായി പഠിക്കുന്നുണ്ടു്;

* Appendix III

LIBRARY ARCHIVES Kerala Legislative Assembly